## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3754 17.10.2011 ൽ മറുപടിക്ക്

### ഡ്രൈവിംഗ് ബാഡ്ജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) 8- ാം ക്ലാസ്സ് പാസ്സായവർക്ക് മാത്രമേ ഡ്രൈവിംഗ് ബാഡ്ജ് അനുവദിക്കാവൂ എന്ന നിയമം വന്നതു മൂലം തൊഴിൽ രഹിതരായ പലർക്കും ഉപജീവനം നടത്തുവാൻ ഡ്രൈവിംഗ് ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഡ്രൈവിംഗ് ഉപജീവനമാക്കുവാൻ ആഗ്രഹിക്കുന്ന തൊഴിൽ രഹിതർക്ക് ഡ്രൈവിംഗ് ബാഡ്ജ് കിട്ടാൻ 8- ാം ക്ലാസ്സ് പാസ്സാകണമെന്ന നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | ബി) 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 27(ജി) പ്രകാരം ബാഡ്ജ് ലഭിക്കുന്നതിന് വേണ്ട ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. ഡ്രൈവർമാരുടെ അശ്രദ്ധ കൊണ്ടുണ്ടാകുന്ന അപകടങ്ങളുടെ എണ്ണം വളരെ കൂടുതലായ സാഹചര്യത്തിൽ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് വരുത്തുന്നത് അപകടങ്ങൾ വർദ്ധിക്കാൻ ഇടയാക്കുമെന്നതിനാൽ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് വരുത്തണമെന്ന നിർദ്ദേശം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ